# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കടവൂർ എൽ.പി. സ്കൂൾ, മതിലിൽ

# ആമുഖം.

18-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ അഷ്ടമുടി കായലിന്റെ തീരത്തുള്ള തേവള്ളി, കടവൂർ, കുരീപ്പുഴ, ആശ്രാമം എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി തുടങ്ങിവച്ച സ്ഥാപനമാണ് കടവൂർ എൽ.പി.എസ്. 1886ൽ കുടിപ്പള്ളിക്കൂടമായി തുടങ്ങി ഈ സ്ഥാപനത്തിൽ ധാരാളം പാവപ്പെട്ട കുഞ്ഞുങ്ങൾ വിദ്യ അഭ്യസിച്ചു വരുന്നു. 138-ാം വാർഷികം ആഘോഷിക്കുന്ന ഈ വിദ്യാലയത്തിന്റെ ചുറ്റും ധാരാളമായി പുതിയ വിദ്യാലയങ്ങൾ ഉടലെടുത്തത് ഇവിടത്തെ കുട്ടികളുടെ എണ്ണത്തെ കാര്യമായി ബാധിച്ചുവെങ്കിലും മാറി വരുന്ന പുതിയ വിദ്യാഭ്യാസ ബോധന തന്ത്രങ്ങൾക്കനുസരിച്ച് സ്കൂളിലും പുതിയ മാറ്റങ്ങൾ വരുത്തുവാൻ ശ്രമിക്കുന്നു.

സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, SSA, ജനപ്രതിനിധികൾ എന്നിവരുടെ സഹായത്താൽ 2024-25, 2025-26 വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നത് എല്ലാ അർത്ഥത്തിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

# അവതാരിക

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി അന്തർദേശീയ നിലവാരത്തിലെത്തിക്കുക. ഈ ലക്ഷ്യം മുൻനിർത്തി 1886ൽ കുടിപ്പള്ളിക്കൂടമായി തുടങ്ങിയ കടവൂർ എൽ.പി.എസ് ഈ വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണ്.

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുന്നു. എല്ലാ കുട്ടികളും കലാപരം, കായികം, സർഗ്ഗാത്മകവുമായ കഴിവുകൾ വികസിപ്പിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

ഭാഷ, ഗണിതം, ശാസ്ത്രം, വായന എന്നിവയിലൂടെ ഉള്ള ശേഷി വികസനം, ജൈവവൈവിധ്യ പാർക്ക്, ഐ.ടി പരിശീലനം, ലാബുകൾ, ദിനാചരണങ്ങൾ, ഭൗതികമായ കളിസ്ഥലം, മാലിന്യസംസ്കരണം തുടങ്ങിയ വിദ്യാലയ വികസന സമിതി, MPTA, PTA ഇവരുടെ സഹായ സഹകരണം പരമാവധി പ്രയോജനപ്പെടുത്തി വിദ്യാലയ പുരോഗതിയും ലക്ഷ്യവും കൈവരിക്കുന്നതിന് സാധ്യമാകട്ടെ.

# ലക്ഷ്യം

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് സ്കൂളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഓരോ പഠനം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളെ ഉൾപ്പെടുന്ന സമൂഹത്തെ അറിയിക്കും
- എല്ലാ കുട്ടികൾക്കും മലയാളം, English ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- സ്കൂളിൽ ജൈവവൈവിധ്യ പാർക്ക് ഒരുക്കും
- സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തും.
- അധ്യയന വർഷത്തെ നന്മ പ്രവർത്തനമായി കായൽ തീര സംരക്ഷണം തുടർന്ന് നടപ്പിലാക്കും.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- ഒന്നാം ക്ലാസിലെ കുട്ടികളിൽ മുതൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ലൈബ്രറി സജ്ജമാക്കുക.
- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായിക കലാപരവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- അവരെ സംസ്ഥാന ദേശീയ അന്തർദേശീയ തലങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് എല്ലാ പിന്തുണയും നൽകുക.
- ക്ലാസ്മുറികൾ ഹൈടെക് ആക്കുക.
- കളിസ്ഥലം, പാചകപ്പുര, ശുചിമുറികൾ, കുടിവെള്ള സൗകര്യം, ഭക്ഷണഹാൾ തുടങ്ങി എല്ലാ ഭൗതിക സാഹചര്യം ഒരുക്കുക.
- ശിശുസൗഹൃദപരവും, ഗവേഷണാത്മകവും ഇടപെടലിനായി അധ്യാപകർ സജ്ജരാകുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്താൻ ശ്രമിക്കും.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6

**അക്കാദമികം**

- ഭാഷാ ശേഷി വികസനം
- ഗണിതശേഷി വികസനം
- ശാസ്ത്ര പോഷണപരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാപോഷണ പരിപാടി
- ജൈവ വൈവിധ്യപാർക്ക്
- പഠനയാത്രകൾ
- കലാകായികമേള
- ഐ.ടി പരിശീലനം
- ക്ലാസ് പി.ടി എ സജീവമാക്കൽ
- സ്കൂൾ പാത്രം
- പ്രവൃത്തി പരിചയ പഠനം
- ഒന്നാം ക്ലാസ് ഒന്നാംതരം
- S.R.G ശാക്തീകരണം
- പോഷകാഹാര പരിപാടി
- ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കം
- ഭാഷാ ലാബ്
- ടേം മൂല്യനിർണയം നിരന്തരവിലയിരുത്തൽ
- ദിനചരണം
- കായികപഠനം

7

## ഭൗതികം

- കളിസ്ഥലം
- ചുറ്റുമതിൽ
- ചിൽഡ്രൻസ് പാർക്ക്
- ക്ലാസ് മുറികൾ
- ഓഫീസ്മുറി
- സ്റ്റാഫ്മുറഇ
- കമ്പ്യൂട്ടർ റൂം
- മൾട്ടി മീഡിയ റൂം
- ലൈബ്രറി
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയ്‌ലറ്റ്
- ക്ലാസ് റൂം ഫർണിച്ചർ
- ലബോറട്ടറി

## സാമൂഹികം

- വിദ്യാലയ വികസനസമിതി
- PTA സജീവം
- പൂർവ്വ വിദ്യാർത്ഥി സംഘടന
- S.S.G
- സന്നദ്ധസംഘടനകളുടെ സേവനം
- മാതൃക ക്ലാസ് പി.ടി.എ
- പൊതുജനവുമായുള്ള ബന്ധപ്പെടലുകൾ - മികവുകൾ
- പങ്കുവെയ്ക്കൽ
- റിസോഴ്സ് മാപ്പിംഗ്

# "കായൽ തീര സംരക്ഷണം"



പരിസര ശുചീകരണത്തിന്റെ ഭാഗമായും ജലജന്യരോഗങ്ങളെ കുറിച്ചുള്ള അവബോധവും സൃഷ്ടിക്കാനായി ഞങ്ങൾ ഈ അധ്യയന വർഷത്തിൽ ശ്രീ. നടപ്പിലാക്കാൻ തീരുമാനിച്ച ഒരു പ്രവർത്തനം കൂടിയാണ് കായൽ തീരസംരക്ഷണം. നമ്മുടെ സ്കൂളിൽ അധികം കുട്ടികളും കായൽ തീരത്ത് താമസിക്കുന്നവരായതിനാൽ പ്രവർത്തനം ശക്തമാക്കുവാനും കഴിയും. കായൽ തീരത്തുള്ള വീടുകളിലേക്ക് 3, 4 ക്ലാസുകളിലെ കുട്ടികളെ ഭവന സന്ദർശനത്തിനായി കൊണ്ടുപോകുവാനും കുട്ടികൾക്കും വീട്ടുകാർക്കും മാലിന്യ സംരക്ഷണം അവബോധവും ഉണ്ടാക്കാം. അതിനിടക്ക് മസ്തിഷ്ക ജ്വരം പോലെയുള്ള രോഗങ്ങളിൽ നിന്നും മുൻകരുതലുകൾ എടുക്കുവാൻ കുട്ടികൾക്കും വീട്ടുകാർക്കും കഴിയും വിധം പ്രവർത്തനം നടപ്പിലാക്കി. മിക്ക കുട്ടികൾക്കും തന്റെ കടമയെന്ന രീതിയിൽ പ്രവർത്തനം ഏറ്റെടുക്കുവാനും കഴിയും.

# രൂപീകരണ പദ്ധതി

ഓരോ മാസത്തിലും 2 ആഴ്ച കൂടുമ്പോൾ SRG യോഗം ചേരുകയും അക്കാദമിക് പ്ലാനിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഉൾപ്പെടുത്തി രൂപരേഖ തയ്യാറാക്കുകയും ചെയ്യുന്നു. PTA, SMC, വിദ്യാലയ വികസന സമിതി എന്നിവർ അടങ്ങുന്ന സമിതി സ്കൂളിന്റെ പുരോഗമന കാര്യങ്ങൾ ചർച്ച ചെയ്യുന്നു. മാസ്റ്റർ പ്ലാനിന്റെ വിപുലീകരണവും നടത്തിപ്പും മേൽ കൂട്ടായ്മയിലൂടെ നടത്തുന്നു. അന്തിമ രൂപം തയ്യാറാക്കി PTA യിൽ പ്രകാശനം ചെയ്യുന്നു. SRG യിൽ ഓരോ പ്രവർത്തനവും ചർച്ചചെയ്യുന്നു.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

ക്ലാസ് : ഒന്ന്

2025-26.

# അനുബന്ധം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ ഒന്നാം തരത്തിൽ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുന്നതും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുവാനാണ് സമഗ്ര ഗുണമേന്മ പദ്ധതി വിഭാവനം ചെയ്യുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും സാധ്യമാകുന്നു.

പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദകരമാക്കി മാറ്റുവാനും അതോടൊപ്പം സജീവ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം


# ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം ഉൾക്കൊള്ളാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- ചിത്രത്തിലുള്ള ഉത്തരവുകൾ ക്രമപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ചിത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | > ചിത്ര വായന<br>> വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>> വായന മൂല ഒരുക്കൽ<br>> ചിത്രവായന<br>> വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | > ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>> സചിത്ര ബുക്ക്<br>> സംയുക്ത ഡയറി എഴുത്ത്.<br>> ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു. | | | |

- ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു.
- സാങ്കൽപിക ഡയറി എഴുതുന്നു.
- വരികൾ കൂട്ടിച്ചേർക്കുന്നു.
- ചിത്രം നൽകി അതിൽനിന്ന് കഥ ഉണ്ടാക്കുന്നു.
- സ്വന്തമായി ____തിപ്പ് ഉണ്ടാക്കുന്നു.


# ENGLISH



| Learning Outcomes | Activities | Duration | Expense |
| --- | --- | --- | --- |
| Describe orally about pictures and objects using objects (colour, shape, size) | > Simple words introducing<br>> provide picture cards<br>> Familiar magic picture cards (apple, ant..) | June | 100 |
| Graphic read and write with familiar words. | > Writing familiar words<br>> Reading familiar words. | July | |
| Enjoy songs and sings them with rhyme and action use simple word sentences | > Enjoy songs ands sings come with rhyme and action<br>> Describe orally about picture write simple words and sentence (Red car, An apple) | August – September | 50<br>50 |
| Simple words description and riddles | > Introduce a simple picture description sentence make riddles | October | 50 |

| | | | |
|---|---|---|---|
| To speak, read and write English without any mistakes. | > Preparing reading cards,<br>> The classroom provides more opportunities to read write and speak English | November | 100 |
| Responds to simple instructions, enjoy songs with rhythm and action. Identify animals and their young ones using picture | > Following the instructions<br>> Digital reading in the classroom<br>> Collection of animals and their young one pictures. | December - January. | |
| To speak and read simple sentences in english | > Expressing myself in the classroom<br>> participate in english skit | February - March | 100. |


# ഗണിതം



# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല്ല | സാമ്പത്തികം. |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം | ജൂൺ - | ക്ലാസ് ടീച്ചർ | SSA |
| | ഗണിത മാഗസിൻ | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | ഗണിത ക്ലബ്ബ് (ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ) | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ. | |

# പരിസരപഠനം



# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആഹാര ശീലവും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള<br>- പ്രദർശനം<br>- നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | ക്ലാസ് ടീച്ചർ<br>SRG.<br>SMC | SMC. |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പുഷ്പോദ്യാനം, ഔഷധത്തോട്ടം | ഡിസംബർ<br>ജനുവരി | SRG<br>SMC | |